**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 42** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിലെ സർക്കാർ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡാനന്തരം ലോകത്താകമാനമുള്ള ഐ. ടി. മേഖല തകർച്ച നേരിട്ട സാഹചര്യത്തിൽ, സംസ്ഥാനത്തെ ഐ. ടി. മേഖലയിൽ സർക്കാർ നടപ്പാക്കിയ നൂതനവും കാലാനുസൃതവുമായ ആശയങ്ങളുടെ ഫലമായി എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞതെന്ന് അറിയിക്കാമോ; | (എ) | കോവിഡാനന്തരമുള്ള ആഗോള ഐ.ടി. മേഖലയിലെ തളർച്ചക്കിടയിലും, കേരളത്തിലെ ഐ.ടി. മേഖല സർക്കാർ നടപ്പിലാക്കിയ നയങ്ങളും നൂതനമായ ആശയങ്ങളും മൂലം മികച്ച നേട്ടങ്ങൾ കൈവരിച്ചു. ഇതിന്റെ ഫലമായി, നിക്ഷേപത്തിലും, സോഫ്റ്റ്വെയർ കയറ്റുമതിയിലും, തൊഴിലവസരങ്ങളിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>ബ്ലോക്ക് ചെയിൻ മേഖലയിൽ നൂതന ടെക്നോളജിയിൽ വലിയ തോതിലുള്ള പരിശീലന പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി ഉന്നത നിലവാരമുള്ള തൊഴിൽ നൽകാൻപ്രാപ്തമായ ബ്ലോക്ക് ചെയിനിന്റെ മികവിന്റെ കേന്ദ്രങ്ങൾ ഇ & വൈ, അലയൻസ്, വിപ്രോ മുതലായ കമ്പനികൾ സംസ്ഥാനത്ത് സ്ഥാപിച്ചു പ്രവർത്തനം നടത്തിവരുകയും ചെയ്യുന്നു. കൂടാതെ നിർമ്മിത ബുദ്ധി മേഖലയിൽ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി നിർമിത ബുദ്ധിയുടെ സെന്റർ ഓഫ് എക്സലൻസ് കേരളത്തിൽ സ്ഥാപിക്കാൻ ഐ ബി എം മുതലായ കമ്പനികൾ തയ്യാറായിട്ടുണ്ട്. ഇതുകൂടാതെ ശാസ്ത്ര മേഖലയിൽ പുതിയ ടെക്നോളജികളുമായി ബന്ധപ്പെടുത്തി ബയോ-എ.ഐ പോലുള്ള പുതിയ കോഴ്സുകൾ നടപ്പിലാക്കിയതു മൂലം ഉന്നത നിലവാരമുള്ള ജോലി സാദ്ധ്യതകൾ വിദ്യാർഥികൾക്ക് തുറന്ന് കിട്ടിയിട്ടുണ്ട്.<br><br>സ്റ്റാർട്ടപ്പുകൾ നേരിട്ട പ്രതിസന്ധികൾ മറികടക്കുന്നതിനും അവരുടെ ബിസിനസ് വിപുലീകരിക്കുന്നതിനുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ Business.startupmission.in എന്ന ഓൺലൈൻ പ്ലാറ്റ്ഫോം ആരംഭിക്കുകയും, ഈ പ്ലാറ്റ്ഫോം വഴി സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങൾ ആവശ്യക്കാർക്ക് |

| | | | |
|---|---|---|---|
| | | | പരിചയപ്പെടുത്തുന്നതിനായി വെർച്വൽ ഡെമോ ഡേകൾ സംഘടിപ്പിക്കുകയും ചെയ്തു. ഇതിലൂടെ വിവിധ മേഖലകളിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ വിപുലീകരിക്കാനും ബിസിനസ് അവസരങ്ങൾ ലഭ്യമാക്കാനും, കൂടാതെ, ഈ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് കോർപ്പറേറ്റുകളെയും നിക്ഷേപകരെയും ആകർഷിക്കുകയും, സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ കോർപ്പറേറ്റുകളുടെയും നിക്ഷേപകരുടെയും മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്തു. |
| (ബി) | 2016 മുതൽ ഐ. ടി. മേഖലയിൽ സർക്കാർ അനുവർത്തിച്ചു വരുന്ന നയവും പ്രായോഗിക ഇടപെടലുകളും മൂലം ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവയിലുണ്ടായിട്ടുള്ള വളർച്ച സംബന്ധിച്ച് വിശദമാക്കാമോ; | (ബി) | ഇൻഫോപാർക്ക്, സൈബർ പാർക്ക്, ടെക്നോപാർക്ക് എന്നിവിടങ്ങളിൽ 2016 മുതൽ ഐ. ടി. മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ച സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ഇൻഫോപാർക്ക്**<br><br>2016-17-ൽ 328 ആയിരുന്ന കമ്പനികളുടെ എണ്ണം 2024-25-ൽ 583 ആയി വർദ്ധിച്ചു. നേരിട്ടുള്ള തൊഴിലവസരങ്ങൾ 2016-17-ൽ 32,800 ആയിരുന്നത് 2024-25-ൽ 75,000 ആയി വർദ്ധിച്ചു. സോഫ്റ്റ്വെയർ കയറ്റുമതി 2016-17-ൽ 3000 കോടി രൂപയായിരുന്നത് 2024-25-ൽ 11,486 കോടി രൂപയായി ഉയർന്നു. ഐ.ടി. സ്പേസ് 2016-17-ൽ 70 ലക്ഷം ചതുരശ്ര അടിയായിരുന്നത് 2024-25-ൽ 92.62 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചു.<br><br>**സൈബർ പാർക്ക്**<br><br>2016-17-ൽ 4 ആയിരുന്ന കമ്പനികളുടെ എണ്ണം 2024-25-ൽ 80 ആയി വർദ്ധിച്ചു. നേരിട്ടുള്ള തൊഴിലവസരങ്ങൾ 2016-17-ൽ 68 ആയിരുന്നത് 2024-25-ൽ 2300 ആയി വർദ്ധിച്ചു. സോഫ്റ്റ്വെയർ കയറ്റുമതി 2016-17-ൽ 2.97 കോടി രൂപയായിരുന്നത് 2024-25-ൽ 130 കോടി രൂപയായി ഉയർന്നു. ഐ.ടി. സ്പേസ് 2016-17ൽ 12000 ചതുരശ്ര അടിയായിരുന്നത് 2024-25-ൽ 2.88 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചു.<br><br>**ടെക്നോപാർക്ക്**<br><br>2016-17-ൽ 370 ആയിരുന്ന കമ്പനികളുടെ എണ്ണം 2024-25-ൽ 500 ആയി വർദ്ധിച്ചു. നേരിട്ടുള്ള തൊഴിലവസരങ്ങൾ 2016-17-ൽ 51,860 ആയിരുന്നത് 2024-25-ൽ 80,000 ആയി വർദ്ധിച്ചു. സോഫ്റ്റ്വെയർ കയറ്റുമതി 2016-17-ൽ 5000 കോടി രൂപയായിരുന്നത് 2024-25-ൽ 14,575 കോടി |

| | | | |
|---|---|---|---|
| | | | രൂപയായി ഉയർന്നു. ഐ.ടി. സ്പേസ് 2016-17-ൽ 85.1 ലക്ഷം ചതുരശ്ര അടിയായിരുന്നത് 2024-25-ൽ 127.2 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചു. |
| (സി) | പ്രസ്തുതകാലയളവിൽ ഈ മേഖലയിലെ വികസനത്തിനായി സർക്കാർ ചെലവഴിച്ച തുകയും അതുവഴി ലഭ്യമാക്കിയ തൊഴിലവസരങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (സി) | 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ സർക്കാർ ഐ.ടി. മേഖലയിൽ നടത്തിയ നിക്ഷേപവും അത് വഴി ലഭ്യമാക്കിയ തൊഴിലവസരങ്ങളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.<br><br>**ടെക്നോപാർക്ക്**<br><br>സർക്കാർ ചെലവഴിച്ച തുക : 272.18 കോടി രൂപ. 2016-17-ൽ ഉണ്ടായിരുന്ന 51,860 തൊഴിലവസരങ്ങൾ 2024-25 ആയപ്പോഴേക്കും 80,000 ആയി വർദ്ധിച്ചു. 28140 തൊഴിലവസരങ്ങളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.<br><br>**ഇൻഫോപാർക്ക്**<br><br>സർക്കാർ ചെലവഴിച്ച തുക : 239.89 കോടി രൂപ. 2016-17-ൽ ഉണ്ടായിരുന്ന 32,800 തൊഴിലവസരങ്ങൾ 2024-25 ആയപ്പോഴേക്കും 75,000 ആയി വർദ്ധിച്ചു. 42,200 തൊഴിലവസരങ്ങളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.<br><br>**സൈബർ പാർക്ക്**<br><br>സർക്കാർ ചെലവഴിച്ച തുക : 81.64 കോടി രൂപ. 2016-17-ൽ ഉണ്ടായിരുന്ന 68 തൊഴിലവസരങ്ങൾ 2024-25 ആയപ്പോഴേക്കും 2300 ആയി വർദ്ധിച്ചു. 2232 തൊഴിലവസരങ്ങളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ